# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1763 06.03.17 ൽ മറുപടിയ്ക്ക്

## സ്വകാര്യ ബസുകളിൽ ജി.പി.എസ്. സംവിധാനം

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സ്വകാര്യ ബസുകളിൽ ജി.പി.എസ്. സംവിധാനം സ്ഥാപിക്കാനുള്ള സർക്കാർ തീരുമാനം ഇനിയും നടപ്പാകാത്തത് എന്തുകൊണ്ടാണ്; | (എ) | ജി.പി.എസ്. സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയർ, കൺട്രോൾ റൂമുകൾ സ്ഥാപിക്കൽ തുടങ്ങിയ വർക്കുകൾക്ക് സ്വാഭാവികമായി ഉണ്ടാകുന്ന കാലതാമസം കൊണ്ടാണ് നടപ്പാകാത്തത്. നടപ്പിലാക്കുവാൻ വേണ്ട നടപടികൾ പുരോഗമിക്കുകയാണ്. |
| (ബി) | ഏത് ഏജൻസിക്കാണ് ജി.പി.എസ്. സംവിധാനം ഒരുക്കുന്നതിനുള്ള ചുമതല നൽകിയിട്ടുള്ളത്; അവരുടെ മേൽനോട്ടത്തിൽ ഇതിനകം നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെ; | (ബി) | കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക്കിനാണ് ഇതിന്റെ ചുമതല, സോഫ്റ്റ് വെയർ ഉണ്ടാക്കൽ, മാസ്റ്റർ-മിനി കൺട്രോൾ റൂമുകൾ സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തികൾ പൂർത്തിയായി വരുന്നു. |
| (സി) | ബസുകളുടെ മത്സരയോട്ടം, അമിത വേഗത, റൂട്ട് മാറി ഓടൽ എന്നിവ നിയന്ത്രിക്കാൻ ജി.പി.എസ്. സംവിധാനം പര്യാപ്തമാവില്ലേ; | (സി) & (ഡി) | പര്യാപ്തമാവും. ഈ വർഷം തന്നെ പദ്ധതി പൂർത്തിയാകും എന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | ചട്ട ലംഘനത്തിന്റെ ഡിജിറ്റൽ തെളിവുകൾ മോട്ടോർ വാഹന വകുപ്പിന് ലഭ്യമാകാൻ പദ്ധതി സഹായകമാവില്ലേ; എങ്കിൽ എന്നത്തേക്ക് പദ്ധതി പ്രാവർത്തികമാവും എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ